**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **31-01-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിന് പോകുന്നവർ ആധാർ കൈവശം വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് പോകുന്നവർ ആധാർ കൈവശം വയ്ക്കണമെന്നത് നിർബന്ധമാക്കിയ സാഹചര്യത്തിൽ ഒറിജിനൽ ഐഡന്റിറ്റി കാർഡുകളുമായി മത്സ്യബന്ധനം നടത്തുമ്പോൾ കടൽക്ഷോഭം പോലെയുള്ള സംഭവങ്ങളിൽ തിരിച്ചറിയൽ രേഖകൾ നഷ്ടമാകുന്ന സാഹചര്യം മത്സ്യത്തൊഴിലാളികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | രാജ്യസുരക്ഷ മുൻനിർത്തി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും ഉൾപ്പെടുന്ന ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി മീറ്റിങ്ങിലെ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളിലെ എല്ലാ മത്സ്യത്തൊഴിലാളികളും തിരിച്ചറിയൽ രേഖ കൊണ്ടു പോകുന്നതും കൈവശം കരുതേണ്ടതുമാണ്. തീരസുരക്ഷയുടെ ഭാഗമായും, മനുഷ്യക്കടത്ത് പോലുള്ള അനധികൃത പ്രവണതകൾ നിയന്ത്രിക്കുന്നതിനും, കടൽ മാർഗ്ഗം രാജ്യ വിരുദ്ധ ശക്തികൾ നുഴഞ്ഞു കയറുന്നതിനുള്ള സാധ്യത കണക്കിലെടുത്തും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖ കൈവശം കൊണ്ടു പോകുന്നത് നിർബന്ധമാക്കി 14/11/2021 ലെ 25891/Leg.I1/2019/Law നമ്പർ വിജ്ഞാപനം പ്രകാരം 1980- ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ഭേദഗതി ചെയ്ത് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം " ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, ആധാർ കൈവശമില്ലാത്തതായ യാതൊരാളെയും മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തവർക്ക് 1000 രൂപ പിഴ ചുമത്തുന്നതിനും നിയമത്തിൽ വ്യവസ്ഥയും ചെയ്തിട്ടുണ്ട് . മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് കൊണ്ടു പോകുന്നത് ബോട്ടുടമകൾ ഉറപ്പാക്കേണ്ടതുമാണ് .<br><br>മത്സ്യബന്ധനത്തിനിടെ ആധാർ കൈവശം വയ്ക്കുമ്പോൾ ആയതു നനയുകയും ഉപയോഗശൂന്യമാവുകയും ചെയ്യും എന്നതിനാൽ മത്സ്യത്തൊഴിലാളികൾ ആധാർ കൈവശം വയ്ക്കുന്നതിനു വിമുഖത കാട്ടിയിരുന്നു. ഫിഷറീസ് |

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) സോഫ്റ്റ് വെയറിൽ എൻറോൾ ചെയ്തിട്ടുള്ളതിൽ 1,70,396 മത്സ്യതൊഴിലാളികൾക്ക് ക്യൂ ആർ എനേബിൾഡ് പി വി സി ആധാർ കാർഡുകൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.<br><br>തീര സുരക്ഷയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിന് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) മുഖാന്തരം അനുവദിച്ചിട്ടുള്ള ക്യൂ ആർ എനേബിൾഡ് പി വി സി ആധാർ കാർഡ്/ആധാർ കാർഡ് കൈവശം കരുതേണ്ടത് അത്യന്താപേക്ഷിതമാണ്. ഒറിജിനൽ ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പകരമായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) വെബ്സൈറ്റിൽ നിന്നും ഇ-ആധാർ ഡൌൺലോഡ് ചെയത് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ ഒറിജിനൽ ആധാർ കാർഡ് നഷ്ട്ടപെട്ടാൽ പ്രതിസന്ധിയിലാകും എന്നു മത്സ്യത്തൊഴിലാളികൾ ആശങ്കപ്പെടെണ്ടതില്ല. |
| (ബി) | ഈ കാര്യം പരിഗണിച്ച് തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മത്സ്യബന്ധന സമയത്ത് കൈവശം സൂക്ഷിക്കുന്ന രീതിയിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | രാജ്യസുരക്ഷ മുൻനിർത്തി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും ഉൾപ്പെടുന്ന ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി മീറ്റിങ്ങിലെ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളിലെ എല്ലാ മത്സ്യത്തൊഴിലാളികളും തിരിച്ചറിയൽ രേഖ കൊണ്ടു പോകുന്നതും കൈവശം കരുതേണ്ടതുമാണ്. തീരസുരക്ഷയുടെ ഭാഗമായും, മനുഷ്യക്കടത്ത് പോലുള്ള അനധികൃത പ്രവണതകൾ നിയന്ത്രിക്കുന്നതിനും, കടൽ മാർഗ്ഗം രാജ്യ വിരുദ്ധ ശക്തികൾ നുഴഞ്ഞു കയറുന്നതിനുള്ള സാധ്യത കണക്കിലെടുത്തും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖ കൈവശം കൊണ്ടു പോകുന്നത് നിർബന്ധമാക്കി 14/11/2021 ലെ 25891/Leg.I1/2019/Law നമ്പർ വിജ്ഞാപനം പ്രകാരം 1980- ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ഭേദഗതി ചെയ്ത് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം " ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, ആധാർ കൈവശമില്ലാത്തതായ യാതൊരാളെയും മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തവർക്ക് 1000 രൂപ പിഴ ചുമത്തുന്നതിനും നിയമത്തിൽ വ്യവസ്ഥയും ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | . മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് കൊണ്ടു പോകുന്നത് ബോട്ടുടമകൾ ഉറപ്പാക്കേണ്ടതുമാണ് .<br><br>മത്സ്യബന്ധനത്തിനിടെ ആധാർ കൈവശം വയ്ക്കുമ്പോൾ ആയതു നനയുകയും ഉപയോഗശൂന്യമാവുകയും ചെയ്യും എന്നതിനാൽ മത്സ്യത്തൊഴിലാളികൾ ആധാർ കൈവശം വയ്ക്കുന്നതിനു വിമുഖത കാട്ടിയിരുന്നു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) സോഫ്റ്റ് വെയറിൽ എൻറോൾ ചെയ്തിട്ടുള്ളതിൽ 1,70,396 മത്സ്യതൊഴിലാളികൾക്ക് ക്യൂ ആർ എനേബിൾഡ് പി വി സി ആധാർ കാർഡുകൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.<br><br>തീര സുരക്ഷയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിന് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) മുഖാന്തരം അനുവദിച്ചിട്ടുള്ള ക്യൂ ആർ എനേബിൾഡ് പി വി സി ആധാർ കാർഡ്/ആധാർ കാർഡ് കൈവശം കരുതേണ്ടത് അത്യന്താപേക്ഷിതമാണ്. ഒറിജിനൽ ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പകരമായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) വെബ്സൈറ്റിൽ നിന്നും ഇ-ആധാർ ഡൌൺലോഡ് ചെയത് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ ഒറിജിനൽ ആധാർ കാർഡ് നഷ്ട്ടപെട്ടാൽ പ്രതിസന്ധിയിലാകും എന്നു മത്സ്യത്തൊഴിലാളികൾ ആശങ്കപ്പെടെണ്ടതില്ല. |

സെക്ഷൻ ഓഫീസർ